മോർണിങ്ങ് സ്റ്റാർ ഹോം സയൻസ് കോളേജ്, അങ്കമാലി

# മൃത്തിക

മാതൃഭൂമി സീഡ് ക്ലബ് ഡിജിറ്റൽ മാഗസിൻ

ജൂൺ 2021


Seed
Student Empowerment for Environmental Development
FEDERAL BANK


ജീവന്റെ തുടിപ്പിനായുള്ള
വേരൂന്നാൻ .......
പിച്ച വയ്ക്കാൻ ........
ശ്വാസം
നിലയ്ക്കുമ്പോഴും .......
മൃത്ത് മാത്രം
'മൃത്തിക' മാത്രം ശാശ്വതം
ഡോ. ടെജി കെ. ടി
കോർഡിനേറ്റർ
മാതൃഭൂമി സീഡ് ക്ലബ്
മോർണിങ്ങ് സ്റ്റാർ
ഹോംസയൻസ് കോളേജ്

# എഡിറ്റോറിയൽ

നമുക്കിനിയും
ബാക്കിയുള്ളത് കുറച്ചു
മണ്ണാണ്,
മരങ്ങളാണ്, പുഴകളാണ്...
പക്ഷേ, നഷ്ടങ്ങളുടെ
ആഴമറിയാതെ നാം
പിന്നെയും, പിന്നെയും
വെട്ടിപ്പിടിച്ചുകൊണ്ടിരിക്കു
ന്നു.
അശ്വമേധത്തിനൊടുവിൽ,
വിജയതീരം
അണഞ്ഞെന്നു കരുതി
നാം പൊട്ടിച്ചിരിക്കുമ്പോൾ.
കൂടെച്ചിരിക്കുവാൻ ചുറ്റും
മൃതപ്രാണനായ
ഭൂമിയായിരിക്കും..
പച്ചപ്പുകെട്ട, മാലിന്യം
നിറഞ്ഞ, വിഷം വമിക്കുന്ന
പുഴകൾ ഒഴുകുന്ന
രോഗിണിയായ ഭൂമി..

-ഡോ.അബേഷ് രഘുവരൻ
അസിസ്റ്റന്റ് പ്രൊഫസർ
സെന്റർ ഫോർ സയൻസ്
ഇൻ സൊസൈറ്റി
കൊച്ചി സർവ്വകലാശാല



അപ്പോളും, ഒരിറ്റു
പ്രതീക്ഷയുടെ നാമ്പുകൾ
എവിടെയോ
പൊട്ടിമുളയ്ക്കുന്ന സൗരഭം
ഉണ്ട്.
അത് നിങ്ങളാണ്,
നമ്മളാണ്..
ഇനിയും വൈകിയിട്ടില്ല.
പ്രകൃതിയുടെ
ഹൃദയത്തോട്
ചേർന്നുനിൽക്കാം,
നഷ്ടപ്പെട്ട സ്വച്ഛതയെ
തിരികെ കൊണ്ടുവരാം,
നമ്മുടെ ഭൂമിയെ
വീണ്ടെടുക്കാം..
പ്രതീക്ഷയോടെ.....

# ഉള്ളടക്കം

കേരളം അറിയാൻ

കാട്ടിലെക്കാര്യം

പ്രാണി ,ചിത്രശലഭം, പക്ഷി

കൃഷിക്കാര്യം

ഈ ആഴ്ചയിലെ ഫോട്ടോ

സിനിമപാട്ടിലെ പ്രകൃതി

ലേഹ് സിറ്റിയിലെ
മാഗ്നെറ്റിക് ഹിൽ (ഗ്രാവിറ്റി
ഹിൽ )

തെറ്റ് ,ശരി

ലോകം ശ്രദ്ധിക്കേണ്ട
പരിസ്ഥിതി വിഷയങ്ങൾ

റോസുകളിലെ വിലയേറിയ
'താരം '

പ്രകൃതി

# കേരളം അറിയാൻ

'മാമലകൾക്കപ്പുറത്തു
മരതകപ്പട്ടുടുത്തു
മലയാളമെന്നൊരു
നാടുണ്ട്'
എന്ന വരികൾ തികച്ചും
മനോഹരമാക്കിയ നമ്മുടെ
കേരളത്തെ
വികലമാക്കുന്നചില
പ്രശ്ങ്ങളിലൂടെയാണ്
നാമിപ്പോൾ കടന്നു
പോകുന്നത്.മനോഹാരിത
യുടെ നെടുമുടിയായ
മലകളെ തുരന്ന് ക്വാറികൾ
നിർമിക്കാൻ ഉള്ള
മനുഷ്യരുടെ ആസക്തിക്ക്
ഇരയാകുന്നതും മനുഷ്യർ
തന്നെ.  ജീവിതത്തിൽ
പടുത്തുയർത്തിയതെല്ലാം
ഒറ്റനിമിഷം കൊണ്ട്
ഇല്ലാതാകുന്നത് ആ
ചെയ്തികൾകൊണ്ടാണ്.
കവളപ്പാറയും
മൂന്നാറുമെല്ലാം ഈ
ദുരന്തത്തിന്
സാക്ഷ്യംവഹിച്ചു
ചിലയിടങ്ങൾമാത്രം
'നമ്മുടെ നാട് ,നാം ജനിച്ച
നാട്
'നാമല്ലേ
രക്ഷകർ ,നമ്മുടെ
കടമായല്ലേ '?

-കാർത്തിക ഗോപകുമാർ
III B.Sc. Physics

# കാട്ടിലെക്കാര്യം

വിപുലമായ സമ്പത്തിന്റെ
കേദാരമാണ് കാടുകൾ.
നമ്മുടെ പ്രകൃതിയുടെ
സന്തുലിതാവസ്ഥ തന്നെ
നിലനിൽക്കുന്നത് കാടിന്റെ
സഹായത്താലാണ്.
'ഒരു തൈ നടുമ്പോൾ ഒരു
തണൽ നടുന്നു' എന്ന
കവികാവ്യം നാം
ഓരോരുത്തരും
ഉൾകൊള്ളുകയാണ്
വേണ്ടത്.
അല്ലെങ്കിൽ മറ്റൊരു
കവിവാക്യത്തിൽ
ഉള്ളതുപോലെ
സംഭവിക്കും,
'കാടില്ലെങ്കിൽ നാടില്ല'
'നാടില്ലെങ്കിൽ നാമില്ല'
കാടുനശിപ്പിക്കുന്നതു
മൂലമുണ്ടാകുന്ന
വിപത്തുകളെക്കുറിച്ച്
അറിവുണ്ടായിട്ടും
ധനമോഹത്താൽ അത്
തുടരുന്നത് നാളത്തെ
തലമുറയോടുള്ള കൊടും
ക്രൂരതയാണ്.
അതുകൊണ്ട് എന്ത്
വിലകൊടുത്തും അത്
തടഞ്ഞേ തീരു.

- അഞ്ജലി കെ പോൾ
III B.Sc. Physics

# പ്രാണി ,ചിത്രശലഭം ,പക്ഷി

ആർത്രോപോഡ
ഫൈലത്തിൽ ഇൻസെക്ട
വിഭാഗത്തിലാണ്
ഷഡ്പദങ്ങൾ പെടുന്നത്.
9,25,000
വംശം ഷഡ്പദങ്ങപളെ
തിരിച്ചറിഞ്ഞിട്ടുണ്ട്.ഷഡ്പദ
ങ്ങളുടെ  അസ്ഥികൂടം
ശരീരത്തിനു പുറത്തായി
സ്ഥിതിചെയ്യുന്നു.
□ മനുഷ്യൻ  ഭൂമിയിൽ
ആവിർഭവിക്കുന്നതിന്
ഏകദേശം
970 ലക്ഷം വർഷങ്ങൾക്കു
മുമ്പ് തന്നെ
ചിത്രശലഭങ്ങൾ
ഭൂമിയിലുണ്ടായിരുന്നതായി
പറയപ്പെടുന്നു. 15 മുതൽ
22 മില്ലിമീറ്റർ  മാത്രം
ചിറകളവ്  വരുന്ന രത്നനീലി
ശലഭമാണ് ഇന്ത്യയിലെ
ഏറ്റവും ചെറിയ
ചിത്രശലഭം
□ രണ്ടുകാലും ശരീരത്തിൽ
തൂവലും ഉള്ള
അണ്ഡജങ്ങളാണ്
പക്ഷികൾ.
മുൻകാലുകളാണ്
ചിറകുകളായി
പരിണമിച്ചിട്ടുള്ളത്. ഈ
ചിറകുകൾ പക്ഷികളെ
പറക്കാൻ  സഹായിക്കുന്നു

-ദർശന ഡേവിസ്
III B.Sc. Zoology

# കൃഷിക്കാര്യം

ഏതാണ്ട്10,000
വർഷങ്ങൾക്ക്  മുൻമ്പാണ്
കൃഷിയിലേക്കുള്ള
മനുഷ്യന്റെ വരവ്
രേഖപ്പെടുത്തുന്നത്.അതും
നാടോടികൾ ആയ
മനുഷ്യരാണ് ആദ്യമായി
ഈ രംഗത്തേക്ക്
വന്നതും .അങ്ങനെ
ഈയൊരുകാലഘട്ടം ആദ്യ
കാർഷിക വിപ്ലവമായി
എഴുതപ്പെട്ടു .
ആദ്യകാലഘട്ടത്തിൽ,
ഉത്പന്നങ്ങൾ  ഗാർഹിക
ആവിശ്യങ്ങൾക്കായി
ഉപയോഗിച്ചുവെങ്കിലും
പിന്നീട് അത്
വിപണിയിലേക്ക്
വിൽക്കാനായി
എത്തിതുടങ്ങി .  ഇന്ന്
ലോകത്തിലെ 40%
ആളുകളും കാർഷിക
മേഖലയിൽ ജോലി
ചെയ്യുന്നവരാണ്.10,000
വർഷങ്ങൾക് ശേഷം ഇന്ന്
കൃഷി വീടുകളിലെ
ടെറസുസുകളിൽ വരെ
എത്തിനിൽക്കുന്നു

-ആൻ മരിയ ജോയ്
III B.Com.


-പ്രെസിമോൾ എ പി
III B.Sc. FCS
പരി
പാലിക്കണം
സ്ഥിതി
മാറാതിരിക്കാൻ

# സിനിമപാട്ടിലെ പ്രകൃതി

നമ്മുടെ പ്രകൃതിയുടെ വർണചാരുതയെ വിശേഷിപ്പിക്കാൻ മലയാള സിനിമാപാട്ടുകൾക്ക് ഒരു പ്രത്യക കഴിവാണ് ഉള്ളത്. അതിനുദാഹരണങ്ങളാണ് അൽഫോൻസ് ജോസഫിന്റെ 'കേരനിരകളാടും' , മോഹൻ സിത്താരയുടെ 'സഹ്യസാനുശ്രുതി', ഔസേപ്പച്ചന്റെ ' തുമ്പയും തുളസിയും ' എന്ന ഗാനങ്ങളൊക്കെ .പ്രകൃതി കനിഞ്ഞു നൽകിയ സമ്പത്തിനെയും അഴകിനെയും അപൂർവ്വതകളെയും മനോഹര ഈണങ്ങളുമായി ചേർത്തിണക്കി ഇവർ ആലാപനമാധുര്യമാക്കുന്നു

-ദേവിക വി ബി
III B.Com.

നദികളും തടാകങ്ങളും കായലുകളും കുളങ്ങളും നൽകുന്ന ജലസമൃദ്ധിയെക്കുറിച്ച് വർണിക്കുന്ന . 'കേരനിരകളാടും ' എന്ന ഗാനത്തിൽ മനോഹരിയായ പ്രകൃതിയെ ഒരു സ്ത്രീയായി ചിത്രികരിക്കുന്നു . 'സഹ്യസാനുശ്രുതി ' എന്ന ഗാനം തികച്ചും കേരളതനിമയെ വിവരിക്കുന്ന ഒന്നാണ്. ഏവർക്കും വേണ്ടി പ്രകൃതി കനിഞ്ഞു നൽകുന്ന സമ്പത്തുകളിലേക്കുള്ള ക്ഷണമാണ് 'തുമ്പയും തുളസിയും ' എന്ന ഗാനത്തിൽ .നമ്മുടെ ചുറ്റുമുള്ള പ്രകൃതിയെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വത്തിലേക്കാണ്,തിരിച്ചറിവിലേക്കാണ് ഈ ഗാനങ്ങളൊക്കെ നമ്മെ നയിക്കുന്നത്.മാധുര്യമാക്കുന്നു.

# ലേഹ് സിറ്റിയിലെ മാഗ്നെറ്റിക് ഹിൽ (ഗ്രാവിറ്റി ഹിൽ )

സമുദ്ര നിരപ്പിൽ നിന്നും
14000 അടി ഉയരത്തിൽ
ഗുരുത്വാകർഷണ
നിയമത്തിനു വിരുദ്ധമായി
അതുല്യ ശക്തികൾക്ക്
പേരുകേട്ട ഒപ്റ്റിക്കൽ
മിഥ്യാധാരകൾ
സൃഷ്ടിക്കുന്നതായി
ആരോപിക്കപ്പെടുന്നു .
നിഷ്പക്ഷതയിൽ
നിൽക്കുന്ന ഒരു കാറിനെ
താഴോട്ടു പോവുന്നതിനു
പകരം മുകളിലേക്കു
വലിക്കുന്ന ഒരു പർവതം.
വിചിത്രം....!വിസ്മയം....!ഈ
പ്രതിഭാസത്തെ പറ്റി
ഇപ്പോഴും
പലതരത്തിലുമുള്ള
വിശ്വാസങ്ങളും വ്യത്യസ്ത
സിദ്ധാന്തങ്ങളും ഉണ്ട്.

-ഷഹല പി
III B.Sc. Zoology


തെറ്റ് ✕ ശരി ✓
'ആണുങ്ങൾ പ്രസവിക്കില്ല, കുഞ്ഞുങ്ങൾക്ക് ജന്മം നൽകില്ല !'
ഹൈപ്പൊക്യാമ്പസ് ഇനത്തിൽ പെട്ട കടൽ കുതിരകളുടെ കാര്യത്തിലാകട്ടെ, ആൺകടൽകുതിരകളാണ് കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നത്. പെൺകടൽകുതിരകൾ ആൺകടൽകുതിരകളുടെ ശരീരത്തിലേക്കു മുട്ടകൾ നിക്ഷേപിക്കുന്നു. 45 ദിവസത്തിനു ശേഷം ,അവ 100 മുതൽ 200 കുഞ്ഞുങ്ങൾക് ജന്മം നൽകുന്നു.
-അനീറ്റ ഡേവിസ്
III B.Sc. Zoology

# ലോകം ശ്രദ്ധിക്കേണ്ട
# പരിസ്ഥിതി വിഷയങ്ങൾ

സമുദ്രങ്ങൾ കേവലം
ജലാശയങ്ങൾ
മാത്രമല്ല ,ജീവൻ
തുടിക്കുന്ന പ്രകൃതിയുടെ
ഉറവിടം തന്നെയാണ്.
ഒരു ജ്ഞാനിയെപോലെ
ചിന്തിച്ചു അവയെ
സംരക്ഷിക്കുക
ഒരു ചവറ്റുകുട്ടയായി
കാണാതെ ഇരിക്കുക

-അമൃത ഡേവിസ്
III B.A. Economics

# റോസുകളിലെ വിലയേറിയ

# 'താരം '

ലോകത്തിലെ ഏറ്റവും
വിലയേറിയ
റോസാപുഷ്പമാണ്
ജൂലിയറ്റ് റോസ്
ഈ റോസ്
ലോകത്താദ്യമായി 2006ൽ
അവതരിപ്പിച്ചത് റോസ്
ബർറീഡറായ ഡേവിഡ്
ഓസ്റ്റിനാണ്
£3 മില്യൻ ചെലവാക്കി 15
വർഷം കൊണ്ട് ബ്രീഡ്
ചെയ്ത ഈ അപൂർവ ഇനം
റോസിന്റെ നാമധേയം
'ആപ്രിക്കോട്ട് ഹ്യൂഡ്
ഹൈബ്രിഡ്'എന്നാണ്
2006 ൽ ഈ റോസ് £ 10
മില്യൻ (90 കോടി )
രൂപയ്ക്കാണ്
വിൽക്കപ്പെട്ടത്.

-ഡോണ ജോസ്
III B.Sc. Zoology

# പ്രകൃതി

പ്രകൃതി അമ്മയാണ്
അവൾ നന്മയാണ്
സുന്ദര സസ്യലതാദികളാൽ
തണലേകും വൃക്ഷ
വിരിപ്പുകളാൽ
കരുതലേകുന്നൊരു
സ്നേഹമാണ്
നമ്മിലേക്കൊഴുകുന്ന
ജീവനാണ്......
എന്നാലവളിന്ന്
കരയുകയാ.....
വിഷപ്പുകയേറ്റവൾ
രോഗിണിയാ....
തെളിനീരിനായ് അവൾ
കേഴുകയാ....
അവളുടെ ജീവനു
ഭീഷണിയാ.....

-അലീന സാജു
III B.Sc. Zoology


'ജീവിക്കാം പ്രകൃതിയെ
നോവിക്കാതെ'
MORNING STAR HOME SCIENCE COLLEGE
Morning star Home science College,
Angamaly South P.O .
www.morningstar.edu.in
Created by: Rizmin S
III B.Sc. FCS